1998-ൽ നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ കൈയേറ്റ ഭൂമി പതിച്ചുനൽകുന്നതിന് അർഹതപ്പെട്ട നാല് കുടുംബങ്ങളുടെ കൈവശം 155 സെന്റ് ഭൂമിയാണ് ഉള്ളത്. ഇവർക്ക് കൈവശരേഖ ലഭിച്ചിട്ടുള്ളതാണ്. ഈ പ്രദേശത്തെ അനധികൃത കൈയേറ്റങ്ങൾ തിട്ടപ്പെടുത്തുന്നതിന് സർവ്വേ നടത്തി, റീസർവ്വേ നോട്ടിഫിക്കേഷൻ പ്രകാരം അതിരുകൾ നിർണ്ണയിച്ച് ശരിയായ അതിർത്തിയിലൂടെയാണ് ജണ്ട നിർമ്മാണം നടത്തുന്നത്. അപ്രകാരം ജണ്ടയിടുമ്പോൾ റെഗുലറൈസ് ചെയ്യേണ്ടതായ കൈയേറ്റ ഭൂമി ഒഴിവാക്കിയാണ് ജണ്ടകൾ നിർമ്മിക്കുന്നത്. അർഹതപ്പെട്ട 155 സെന്റ് ഈവിധം ഒഴിവാക്കിയാണ് ഇവിടെ ജണ്ട നിർമ്മിക്കുന്നത്. 62 ജണ്ടകളാണ് ഈ പ്രദേശത്ത് ഇതുവരെ നിർമ്മിച്ചത്. ഇനി 126 ജണ്ടകൾ ഇവിടെ നിർമ്മിക്കാനുണ്ട് ഈ സവലത്തെ കൈയേറ്റക്കാരുടെ എതിർപ്പുമൂലം സർവേയും ജണ്ട നിർമ്മാണവും തീർത്തും മന്ദഗതിയിലാണ്. ഇത് പേരിയാ റിസർവ് ആയി വിജ്ഞാപനം ചെയ്തിട്ടുള്ള സവലമാണ്. ഇതൊക്കെയാണ് സത്യമെങ്കിൽപോലും ബഹുമാനപ്പെട്ട അംഗമിവിടെ പറഞ്ഞ പരാതിയുടെ അടിസ്ഥാനത്തിൽ എന്താണെന്ന് പരിശോധിക്കുന്നതാണ്.

(5) അഴിമുഖങ്ങളിൽ നിന്നും മണൽത്തിട്ടകൾ നീക്കുന്നതിന് നടപടി

ശ്രീ. ടി. എൻ. പ്രതാപൻ: സർ, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഉൾപ്പെടെയുള്ള കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ അഴിമുഖങ്ങളും മണൽ മൂടി ഇന്ന് മൽസ്യബന്ധന യാനങ്ങൾക്ക് സഞ്ചരിക്കാൻ കഴിയാത്തത്ര ദുർഘടമായി വരികയാണ്. സുനാമി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വീണ്ടും കൂടുതൽ മണൽ അഴിമുഖത്ത് അടിഞ്ഞുകൂടിയിരിക്കുകയാണ്. കേരളത്തിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾ ഉൾപ്പെടെ മൽസ്യബന്ധനവുമായി ബന്ധപ്പെട്ട മുഴുവൻ മേഖലയേയും അതിരൂക്ഷമായി ബാധിക്കുന്ന പ്രശ്നമാണ് അഴിമുഖങ്ങളിൽ മണൽത്തിട്ട അടിഞ്ഞുകൂടിയിട്ടുള്ളത്. കുറേ കാലമായി അത് നീക്കുന്നതിനുവേണ്ടിയിട്ടുള്ള ശക്തമായ സമ്മർദ്ദങ്ങൾ എല്ലാ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സഹായത്തോടുകൂടി ഇതിനുവേണ്ടി ക്രിയാത്മകമായ സമീപനങ്ങൾ ഉണ്ടായേ മതിയാകൂ. അടിയന്തിരമായി ചേറ്റുവായുൾപ്പെടെയുള്ള കേരളത്തിലെ അഴിമുഖങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ നീക്കം ചെയ്യുന്നതിനും വാർഫ് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ മണൽ മൂടി മൽസ്യബന്ധന യാനങ്ങൾക്ക് അടുക്കാൻ കഴിയാത്തതിന് ശാശ്വത പരിഹാരം കാണാനും അടിയന്തിരമായ നടപടി സ്വീകരിക്കണം.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, സംസ്ഥാനത്തെ പണി പൂർത്തിയായ ഫിഷിംങ് ഹാർബറുകളും ഫിഷ് ലാന്റിംഗ് സെന്ററുകളും ഡ്രഡ്ജിംങ് നടത്തുന്നതിനുള്ള 18.535 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ 3-1-2004-ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ചേറ്റുവ അഴിമുഖത്തുനിന്നും നാലു ലക്ഷത്തി പതിനയ്യായിരം ഘനമീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിന് 311.2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സുനാമി കടൽ ക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ച എട്ട് ഫിഷിംഗ് ഹാർബറുകളുടേയും പതിനഞ്ച് ഫിഷ് ലാന്റിംഗ് സെന്ററുകളുടേയും പുനരുദ്ധാരണത്തിനും അവിടെ നിന്ന് മണ്ണ് നീക്കം ചെയ്യുന്നതിനുമായി 27.50 കോടി രൂപയുടെ രൂപരേഖ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിരുന്നു. അതിന്റെ 1-ാം ഘട്ടമെന്ന നിലയിൽ അടിയന്തിരമായി ഏർപ്പാട്

LIBRARY ARCHIVES Kerala Legislative Assembly

ആക്കേണ്ട പണികൾക്കായി കേന്ദ്രം തത്വത്തിൽ അംഗീകരിച്ചിട്ടുള്ള 13.06 കോടി രൂപയിൽ ചേറ്റുവ ഫിഷ് ലാന്റിംഗ് സെന്റർ പുനരുദ്ധരിക്കുന്നതിനും അഴിമുഖത്തെ മണ്ണ് നീക്കം ചെയ്യുന്നതിനുമായി അറുപത്തിയെട്ടു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നടപടിക്രമം പൂർത്തിയാക്കി പ്രസ്തുത ജോലി എത്രയുംവേഗം ആരംഭിക്കുന്നതാണ് കൂടാതെ ഈ വർഷം നമ്മുടെ സംസ്ഥാന ബഡ്ജറ്റിലും ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. ഏതായാലും പെട്ടെന്ന് ചേറ്റുവയുൾപ്പെടെയുള്ള നമ്മുടെ ഫിഷിംഗ് ഹാർബറുകളുടെയും ഫിഷിംഗ് സെന്ററുകളുടെയും മണൽത്തിട്ട നീക്കം ചെയ്യുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കുന്നതാണ്.

(6) കഴക്കൂട്ടം സൈനിക സ്കൂളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ സ്കോളർഷിപ്പ് തുക, ഫീസ് വർദ്ധനവിന് ആനുപാതികമായി വർദ്ധിപ്പിക്കണമെന്ന ആവശ്യം

ശ്രീ പി. സി. ജോർജ്: സർ, കഴക്കൂട്ടത്തെ സൈനികസ്കൂൾ നമ്മുടെ സംസ്ഥാനത്തിന്റെ അഭിമാനമാണ്. ആ സ്ഥാപനത്തിൽ ഇപ്പോൾ പഠിക്കുന്ന കുട്ടികളുടെ എണ്ണം അറുന്നൂറാണ്. ഇതിൽ 286 പേർക്കാണ് സ്കോളർഷിപ്പുള്ളത്. ഏഴായിരം രൂപയിൽ കുറവ് വാർഷിക വരുമാനമുള്ള ഗാർഡിയൻസിന്റെ കുട്ടികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. ആദ്യം സ്കോളർഷിപ്പ് പതിനാലായിരം രൂപയായിരുന്നു സംസ്ഥാന ഗവൺമെന്റ് പന്ത്രണ്ടായിരം രൂപയും സെൻട്രൽ ഗവൺമെന്റ് രണ്ടായിരം രൂപയുമാണ് സ്കോളർഷിപ്പ് കൊടുത്തിരുന്നത്, ഫീസ് ഇരുപതിനായിരം രൂപയായിട്ട് ഉയർന്നു. ഇരുപതിനായിരം രൂപയായിട്ട് ഉയർന്നുകഴിഞ്ഞപ്പോൾ അന്ന് എങ്ങനെ ഈ കുട്ടികളുടെ വിദ്യാഭ്യാസം നടക്കുമെന്ന് ചർച്ചചെയ്തപ്പോൾ ഗവൺമെന്റ് തന്നെ 2-1-2004-ൽ ഇറക്കിയ 37/3/ പൊ.വി. എന്ന ഉത്തരവ് അനുസരിച്ച് ഫീസ് വർദ്ധനവിന് ആനുപാതികമായി സ്കോളർഷിപ്പും വർദ്ധിപ്പിച്ചു.പക്ഷെ ഇപ്പോൾ ആ ഫീസ് 10 ശതമാനം വച്ച് വർദ്ധിപ്പിച്ച് ഓരോ വർഷവും മുപ്പത്തിയോരായിരത്തിയിരുന്നൂറ് രൂപയാക്കി 2005-ൽ ഒരു പുതിയ ഉത്തരവ് പൊതുവിദ്യാഭ്യാസ വകുപ്പ് ഇറക്കിയിരിക്കുകയാണ്. ആ ഉത്തരവ് വലിയ കുഴപ്പം ഉണ്ടാക്കിയിരിക്കുകയാണ്. 2005-ലാണ് ആ ഉത്തരവ് നമ്പർ ജി. ഒ. ആർ. ടി. നമ്പർ 45/2005 ജനറൽ എഡ്യൂക്കേഷൻ ഇറങ്ങിയത്. ശ്രീ. സാജൻ പീറ്ററുടേതാണ് ആ ഉത്തരവ്. ഇതനുസരിച്ച് ഇപ്പോൾ ഇവിടെ ഒരു കുട്ടിക്ക് പഠിക്കണമെങ്കിൽ 17,200 രൂപ ഫീസ് കൊടുക്കണം. ഏഴായിരം രൂപയിൽ താഴെ വരുമാനമുള്ള ഒരു കുടുംബത്തിലെ അംഗം അവിടെ പഠിക്കണമെങ്കിൽ 17,200 രൂപ കൊടുക്കണം. എന്നുപറഞ്ഞാൽ വിദ്യാഭ്യാസം നിൽക്കാൻ പോകുകാണ്. ഇന്ന് ഇപ്പോൾ പരീക്ഷയെഴുതേണ്ട ആ സ്കൂളിലെ നമ്മുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നിറുത്തേണ്ട സാഹചര്യമുണ്ടായിരിക്കുന്നു. പണം കൊടുത്തില്ലെങ്കിൽ അവിടന്ന് ചാടിച്ചുവിടും. കേരള സംസ്ഥാനത്ത് നമുക്ക് അറിയാം, നേവിയിലും, ആർമിയിലും, എയർഫോഴ്സിലും യഥാർത്ഥത്തിൽ നമ്മുടെ കുട്ടികൾക്ക് നല്ല നിലയിൽ ജോലി ലഭിച്ച് ആ നിലയിലേക്ക് ഉയരുന്നത് ഈ സൈനിക സ്കൂളിലെ പഠനം കൊണ്ടുമാത്രമാണ്. നമ്മുടെ കമ്മിഷണർട് ഓഫീസേഴ്സ് മുഴുവൻ വരുന്നത് സത്യത്തിൽ ഈ സ്ഥാപനത്തിൽ നിന്നാണ്. നേവിയിലും ആർമിയിലും അതുപോലെ എയർഫോഴ്സിലുമെല്ലാം സൈനിക സ്കൂളുകളിൽ നിന്ന് പഠിച്ചുപോയ നമ്മുടെ കുട്ടികളാണ് സേവനം ചെയ്യുന്നത്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly